കർമ്മെല
2002 ജനുവരി

# കുസുമം

കേരളത്തിലെ പ്രഥമ
ക്രിസ്തീയ കുടുംബ മാസിക



## പുതുവത്സരാശംസകൾ

# അയൽക്കാരൻ

**ജോർജ്ജ് പാഞ്ഞാറ**

'ആരാണയൽക്കാര'നെന്നൊരാൾ യേശുവിൻ
നേരേ വിക്ഷേപിച്ച ചോദ്യം ശ്രവിക്കവേ
പാരിന്നു പാവന മാർഗ്ഗം തെളിക്കുവാൻ
പോരുമാറീശോ മൊഴിഞ്ഞതാണീക്കഥ.
പണ്ടൊരു ജൂതൻ ജരുസലേമിൽനിന്നു
ദൂരെ ജറീക്കോ വിലേക്കുപോയീടവേ
മാർഗ്ഗമദ്ധ്യേ കാനനപ്രദേശത്തുവെ-
ച്ചാക്രമിക്കപ്പെട്ടു തസ്കരക്കയ്യരാൽ!
തൻ പക്കലുണ്ടായിരുന്നപൊൻനാണ്യങ്ങ-
ളൻപെഴാതെല്ലാം കവർന്നതിൻശേഷമ-
സ്സാധുമനുഷ്യനെത്തല്ലിച്ചതച്ചു സു-
ബോധമില്ലാത്ത നിലക്കുപേക്ഷിച്ചുപോയ്,
രക്തമൊലിക്കും ശരീരവുമായയാൾ
ശക്തിയറ്റപ്പാതവക്കിൽക്കിടക്കവേ!
ഈശ്വരസന്നിധിതന്നിൽ മനുഷ്യൻെറ-
യാശകളൊക്കെസ്സമർപ്പണം ചെയ്യുന്ന
പ്രീശരിലേകനീ സാധുവേക്കണ്ടതായ്-
പോലും ഗണിക്കാതെ വേഗം നടന്നുപോയ്.
ഉന്നതനീശനിലർപ്പിതമാമിഴി
മന്നിലെ ദൈന്യമിതെങ്ങിനെകാണുവാൻ!
പിന്നീടുവന്നൊരുലേവ്യനുമിങ്ങനെ
തന്നെയാരംഗം ഗണിക്കാതകന്നുപോയ്.
വീണുകിടന്നു മൃതി ഗഹ്വരത്തിലേ-
ക്കാണ്ടുപോയീടുമാജൂതൻെറ ചാരവേ
എത്തുന്നിതാ, ഹീനജാതിയ;യുന്നതർ
തീർത്ത ശമരായ വർഗ്ഗജനാമൊരാൾ!
താങ്ങിയെണീല്പിച്ചിരുത്തി,യാദേഹത്തു
തിങ്ങും വ്രണങ്ങൾ തുടച്ചുതൈലംപൂശി
തൻകഴുതപ്പുറത്തേറ്റിയടുത്തുള്ള
സത്രത്തിലെത്തിച്ചു ചേർത്തതിൻശേഷമാ
സത്രം വിചാരിപ്പുകാരൻെറകയ്യിലേ-
ക്കിട്ടുദനാറ രണ്ടേ;ന്നിട്ടു ചൊല്ലിനാൻ.
"ഈ സാധുവെക്കാര്യമായിട്ടുതന്നെശി-
ശ്രൂഷിക്കണം, വേണ്ട ഭക്ഷണമേകണം.
എന്തെങ്കിലുമിനിവേണമെങ്കിൽ തരാം
നിൻപക്കലെത്തുമടുത്തദിനത്തിൽ ഞാൻ"
ഈ കഥ ചൊന്നിട്ടു ചോദ്യമാ; യേശു, "ഈ
മർത്ത്യരിലാരാണയാൾക്കയൽക്കാരനായ്?"
സംശയമേതു മേശാതെ "സമരായ
നല്ലാതെയാരുമല്ലെ"ന്നു പറഞ്ഞവൻ.
പുഞ്ചിരിപൂണ്ടു സർവ്വേശകുമാരനാ-
ചഞ്ചലമാനസനോടു കല്പിച്ചിദം.
"നീയുമതുപോലെയാചരിച്ചീടുക-
യാണിനി വേണ്ടതു; ശാന്തനായ് പോവുക!"